"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം WM3/492/2024-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 03-01-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് -വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ജില്ലാ എൻഫോഴ്സ്മെന്റ് ടീം പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച്

സൂചന:- 1) സ.ഉ(കൈ)നം. 6/2019/ENVT തിയതി 27/11/2019

2)സ.ഉ(കൈ)നം. 7/2019/ENVT തിയതി 17/12/2019

3)സ.ഉ(സാധാ)നം. 673/2023/LSGD തിയതി 21/03/2023

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന എന്നിവ 01/01/2020 പ്രാബല്യത്തിൽ സംസ്ഥാനത്ത് നിരോധിക്കുകയുണ്ടായി. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

സംസ്ഥാനത്ത് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡ് നിരോധിച്ച ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപന്നങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നതായി കാണുന്നു. ഇനിയുള്ള മാസങ്ങളിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ സന്ദർശകർ എത്തുന്ന സമയമായതിനാൽ ഇത്തരം ഉത്പന്നങ്ങളുടെ ഉപയോഗത്തിലും വർദ്ധനവ് ഉണ്ടാകും. ഈ സാഹചര്യം മുൻനിർത്തി ജില്ലകളിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ജില്ലാ എൻഫോഴ്സ്മെന്റ് ടീമുകളെ ഉപയോഗിച്ച്, നിരോധിച്ച ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ലഭ്യത സംബന്ധിച്ച് പരിശോധന നടത്തുകയും നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്.

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 03-01-2025 16:56:55

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി